37/DGE/HSE/NSS/2023

**പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
**നാഷണൽ സർവ്വീസ് സ്കീം**
**(ഹയർ സെക്കൻററി വിഭാഗം )**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്**
**ശാന്തി നഗർ , തിരുവനന്തപുരം**
**04712323023**
dhsensskerala@gmail.com
തീയതി: 17/05/2023

# സർക്കുലർ

വിഷയം: പ്രോഗ്രാം ഓഫീസറുടെ കാലാവധി സംബന്ധിച്ച്.

പ്രോഗ്രാം ഓഫീസറുടെ കാലാവധി 3 അക്കാദമിക്ക് വർഷമാണ്. അതിനു ശേഷം പ്രത്യേക അനുമതിയോടെ 5 വർഷം വരെ തുടരാവുന്നതാണ്. ഏതെങ്കിലും സാഹചര്യത്തിൽ മൂന്ന് ക്യാമ്പുകൾ പൂർത്തിയാക്കി എന്നതിനാൽ പ്രോഗ്രാം ഓഫീസറുടെ കാലാവധി അവസാനിക്കുന്നില്ല. അക്കാദമിക്ക് വർഷം മാർച്ചിൽ പൂർത്തിയാകുമെങ്കിലും പുതിയ പ്രോഗ്രാം ഓഫീസറുടെ അഫിഡവിറ്റ് എൻ.എസ്.എസ്. സെല്ലിൽ സമർപ്പിക്കുന്നതു വരെ ചുമതലയിൽ തുടരേണ്ടതാണ്. തങ്ങളുടെ കാലത്തെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കേണ്ട ചുമതലയും പഴയ പ്രോഗ്രാം ഓഫീസറിൽ നിക്ഷിപ്തമാണ്. പ്രിൻസിപ്പാൾമാർ അക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പോഗ്രാം ഓഫീസറായി ചുമതല ഏൽക്കുന്ന അധ്യാപകൻ സമർപ്പിക്കുന്ന അഫിഡവിറ്റിന്റെ ഒരു കോപ്പി യൂണിറ്റിലെ എൻ.എസ്.എസ്. ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. മോണിറ്ററിങ് സമയങ്ങളിൽ ആവശ്യാനുസരണം ഹാജരാക്കേണ്ടതുമാണ്.

ഒപ്പ്/-
പ്രോഗ്രാം കോ-ഓർഡിനേറ്റർ